**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 72** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും പുരോഗതിക്കും നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി കെ. കെ. രമ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. നീലകണ്ഠൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും പുരോഗതിക്കുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ അവരുടെ ജീവ സന്ധാരണത്തിനായും സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോട് കൂടിയും സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതി തുക 4500/- രൂപയിൽ നിന്നും 6000/- രൂപയാക്കി ഉയർത്തി സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ വരും വർഷങ്ങളിൽ ആയത് പ്രകാരം നടപ്പിലാക്കുന്നതാണ്.

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക/വിദ്യാഭ്യാസ/ആരോഗ്യ രംഗങ്ങളിലെ പിന്നോക്കാവസ്ഥയ്ക്ക് മാറ്റം വരുത്തി സമൂഹത്തിന്റെ മുൻനിരയിലെത്തിക്കുന്നതിനു വിദ്യാതീരം, തീരോന്നതി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

PMMSY (2023-24) പദ്ധതിയിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളികൾക്ക് / മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധന മേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.

മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നടപ്പ് സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം Motorisation of Country Crafts പദ്ധതി നടപ്പിലാക്കുന്നതിനും ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ വിതരണം ചെയ്യുന്നതിനായി (75% സർക്കാർ വിഹിതവും 25% ഗുണഭോക്തൃ വിഹിതവും) 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മറൈൻ ആംബുലൻസ് പദ്ധതി നടത്തിപ്പിലേക്കായി നടപ്പ് സാമ്പത്തിക വർഷം 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം Functioning of Sea Rescue and Disaster Management, Co-ordination & information Centres & Formation of Harbour based sea Rescue Squad എന്ന പദ്ധതിയ്ക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

എല്ലാ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ആശയ വിനിമയത്തിനും, നിരീക്ഷണത്തിനും, നിയന്ത്രണത്തിനും മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടുകൾ ഘടിപ്പിക്കുന്ന ദേശീയ റോളൗട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യബന്ധന വകുപ്പ് മുഖാന്തിരം തീരദേശ പശ്ചാത്തല വികസന പദ്ധതികൾ, തീരദേശത്ത് രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ നൂതന പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കൽ, അത്യാധുനിക മത്സ്യ മാർക്കറ്റ് ശൃംഖല രൂപീകരിക്കൽ, തീരദേശത്തെ ആരോഗ്യ-വിദ്യാഭ്യാസ അടിസ്ഥാന വികസന പദ്ധതികൾ, മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപ്പാര് സ്ഥാപിക്കൽ, മത്സ്യത്തൊഴിലാളികൾക്ക് ഭവന സമുച്ചയങ്ങൾ യാഥാർത്ഥ്യമാക്കൽ, മത്സ്യബന്ധന പശ്ചാത്തല വികസനം, മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനം എന്നിങ്ങനെ നിരവധി പദ്ധതികൾ നടത്തി വരുന്നു.

മത്സ്യത്തൊഴിലാളി ഭവന നവീകരണ പദ്ധതിയും GRFTHS സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിടുന്നു.

തീരദേശത്തെ വേലിയേറ്റ രേഖയിൽ നിന്നും 50m പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി നടപ്പിലാക്കുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ ത്തൊഴിലാളികളുടെയും അവരുടെ കുടംബങ്ങളുടെയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിനുമായി സർക്കാർ സഹായത്തോടെയും ബോർഡിന്റെ തനത് വരുമാനം വിനിയോഗിച്ചും മത്സ്യബോർഡ് വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന, മത്സ്യത്തൊഴിലാളികൾക്ക് 33-ഉം അനുബന്ധത്തൊഴിലാളികൾക്ക് 32-ഉം ക്ഷേമപദ്ധതികൾ മത്സ്യബോർഡ് നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതികളിൽ 5 എണ്ണം സർക്കാർ പദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പിലാക്കുന്നവയാണ്.

കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപ്പട്ട മത്സ്യത്തൊഴിലാളികൾക്ക് SDRF/CMDRF-ൽ നിന്നുമുള്ള ധനസഹായം നൽകിവരുന്നു. കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാലകാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നതാണ് .

മത്സ്യകച്ചവടത്തിനായി പോകുന്ന മത്സ്യത്തൊഴിലാള സ്ത്രീകൾക്ക് തിരുവനന്തപുരം ജില്ലയിൽ 3 ലോ ഫ്ലോർ ബസ്സുകൾ സമുദ്ര എന്ന പേരിൽ നടപ്പാക്കി വരുന്നു. ലഭ്യമാകുന്ന മത്സ്യം വളരെ വേഗത്തിൽ മത്സ്യ മാർക്കറ്റിൽ എത്തിച്ച് വിപണനം നടത്താനും, മത്സ്യം മാർക്കറ്റിൽ കൊണ്ട് പോകുന്നതിനായി ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഇല്ലാതാക്കാനും ഈ 3 ബസ് സർവ്വീസുകളും തുടർന്ന് പ്രവർത്തിക്കുന്നത് വളരെ ഫല പ്രദമാണ്.

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും പുരോഗതിയ്ക്കുമായി മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയും പ്രകാരമാണ്. മേൽ പദ്ധതികൾ എല്ലാം തന്നെ തുടർന്നും നടപ്പാക്കാൻ ലക്ഷ്യ മിടുന്നു.

- ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോട് കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)
- ദേശീയപിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോടുകൂടിയുള്ള വായ്പാ പദ്ധതികൾ
- മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി, നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുമുള്ള സബ്സിഡി.
- മത്സ്യത്തൊഴിലാളികളുടെ വായ്പ്പയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, മത്സ്യഫെഡ് മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി, സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി, ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS), എഫ്.എഫ്.പി.ഒ. പദ്ധതി, പ്രധാൻ മന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹ് യോജന പദ്ധതി (PM-KSSY), മണ്ണെണ്ണ എഞ്ചിൻ - പെട്രോൾ എഞ്ചിനുകളിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള സബ്സിഡി, മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം എൽ.പി.ജി എഞ്ചിനാക്കുന്നതിനുള്ള പദ്ധതി - സബ്സിഡി, മണ്ണെണ്ണ എഞ്ചിനിൽ നിന്ന് പെട്രോൾ എഞ്ചിനിലേയ്ക്ക് മാറുന്ന, പെർമിറ്റുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് - പെട്രോൾ സബ്സിഡി, വെള്ള മണ്ണെണ്ണ സബ്സിഡി, മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി, വിദ്യാഭ്യാസ അവാർഡ് മികവ്

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും പുരോഗതിക്കുമായി വരും വർഷങ്ങളിൽ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കുവാൻ മത്സ്യഫെഡ് ഉദ്ദേശിക്കുന്നു.

- കൊല്ലം ജില്ലയിലെ നീണ്ടകരയിൽ മത്സ്യഫെഡിന്റെ നാലാമത്തെ നെറ്റ് ഫാക്ടറി സ്ഥാപിക്കുക, ഇത്തരത്തിൽ മറ്റു ജില്ലകളിലും പുതിയ ഫാക്ടറികൾ സ്ഥാപിക്കുക.
- പുതിയ മൂന്നു ട്വൈൻ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.
- ഫിഷ് മാർട്ടുകൾ, മൊബൈൽ ഫിഷ് മാർട്ടുകൾ, ഓൺലൈൻ മത്സ്യ വിപണന സംവിധാനങ്ങൾ എന്നിവ വിപുലീകരിക്കുക
- മത്സ്യമാലിന്യങ്ങൾ ശേഖരിച്ച് മത്സ്യവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കി, അതുവഴി മത്സ്യത്തൊഴിലാളികൾക്ക് അധിക വരുമാനം ലഭ്യമാക്കുക
- മൂല്യ വർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക
- യമഹ, സുസുക്കി കമ്പനികളിൽ നിന്ന് ഔട്ട്ബോർഡ് എഞ്ചിനുകളുടെ ഇറക്കുമതി വർദ്ധിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിനുകളുടെ തടസ്സരഹിതവും തുടർച്ചയായതുമായ ലഭ്യത ഉറപ്പാക്കുക
- കൂടുതൽ പെട്രോൾ / ഡീസൽ വിൽപ്പനശാലകൾ ആരംഭിക്കുക

**(ബി)** തീരദേശ സംരക്ഷണം, ദുർബലമായ തീരദേശ സമൂഹങ്ങളുടെ പുനരധിവാസം, തീരദേശ മേഖലയിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ വികസനം തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന്റെ നയസമീപനം എന്താണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>**

സർക്കാരിന്റെ കാലാവസ്ഥയ്ക്കനുയോജ്യമായ തീരദേശ വികസന നയസമീപനത്തിന്റെ ഭാഗമായി, പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിക്ക് കീഴിൽ Climate Resilient Coastal Fishermen Villages (CRCFV) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. തീരദേശ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളെ അതിജീവിക്കാൻ ശേഷിയുള്ളതും സാമൂഹ്യ-സാമ്പത്തികമായി കൂടുതൽ സുസ്ഥിരവുമായ ഗ്രാമങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി തിരുവനന്തപുരം പള്ളം, കൊല്ലം (ഇരവിപുരം സൗത്ത് ), ആലപ്പുഴ (തോട്ടപ്പള്ളി, അഴീക്കൽ), എറണാകുളം (ഇടവനക്കാട്, ഞാറക്കൽ) എന്നിവ ഉൾപ്പെടെയുള്ള മത്സ്യഗ്രാമങ്ങൾ തെരഞ്ഞെടുത്ത് ഏകദേശം ₹2 കോടി വീതം ചെലവിൽ ഉപജീവന വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പുകളും പരിശീലനങ്ങളും ലഭ്യമാക്കുന്നതിനായി Multipurpose Fisheries Centre, സൗരോർജ്ജ അധിഷ്ഠിത High Mast Lighting System, അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കായുള്ള Emergency Rescue Boat എന്നിവ സ്ഥാപിക്കുന്നതും, അങ്കണവാടികളുടെ നവീകരണവും, സുരക്ഷാ ഉപകരണങ്ങളടങ്ങിയ Need-based Safety Kits വിതരണം ചെയ്യുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ വർധിപ്പിക്കുന്നതിനായി Cage Farming, Stock Enhancement, മത്സ്യവിപണനത്തിനായുള്ള ഇരുചക്ര/മൂന്നുചക്ര വാഹനങ്ങൾ ഐസ് ബോക്സോടെ നൽകൽ, മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും യാനങ്ങളും ലഭ്യമാക്കൽ, വനിതകൾക്കായി Solar Drying Units അല്ലെങ്കിൽ Fish Kiosks സ്ഥാപിക്കൽ തുടങ്ങിയ ഉപജീവന വികസന പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ കുറയ്ക്കുകയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വരുമാന സുരക്ഷയും ജീവിത നിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ആഗോള താപനവും കാലാവസ്ഥ വ്യതിയാനവും മൂലം രൂക്ഷമായ കടലാക്രമണത്താൽ കേരള തീരത്തും ഭവനവും സ്ഥാവര ജംഗമ വസ്തുക്കളും നഷ്ടപ്പെടുന്ന അവസ്ഥ സാധരണമായിരുന്നു. ഈ അവസ്ഥയിൽ ദുരിതാശ്വാസ ക്യാമ്പുകളിലേയും മറ്റും പരിമിത സൗകര്യങ്ങളിൽ കഴിയേണ്ടി വരുന്ന ജനതയെ കൈപിടിച്ച് ഉയർത്തി സുരക്ഷിത മേഖലയിൽ ഭവനമൊരുക്കി പുനരധിവസിപ്പിക്കുന്ന ഉത്തരവാദിത്വമാണ് പുനർഗേഹം പദ്ധതിയിലൂടെ സർക്കാർ നിർവ്വഹിക്കുന്നത്. തീരദേശത്ത് കടലാക്രമണത്തിൽ ദുരിതമനുഭവിക്കുന്ന കുടുംബങ്ങളെ സുരക്ഷിതമായി പുനരധിവസിപ്പിക്കുക എന്നതാണ് സർക്കാരിന്റെ ഉദ്ദേശ ലക്ഷ്യം.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ പാരമ്പര്യ കടലാക്രമണ പ്രതിരോധ മാർഗമായ ഗ്രോയിനുകൾ സ്ഥാപിക്കൽ, നൂതനവും പരിസ്ഥിതി സൗഹൃദവുമായ ജിയോട്യൂബ് ഓഫ് ഷോർ തീരസംരക്ഷണ പദ്ധതി നടപ്പിലാക്കൽ എന്നിവ ഫലവത്തായി നടപ്പിലാക്കിവരുന്നു.

**(സി)** മത്സ്യത്തൊഴിലാളി സമൂഹത്തിന് ഗുണകരമാകുന്ന രീതിയിൽ ഈ മേഖലയിലെ നിക്ഷേപതാൽപര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** മത്സ്യത്തൊഴിലാളി സമൂഹത്തിന് ഗുണകരമാകുന്ന രീതിയിൽ ഈ മേഖലയിലെ നിക്ഷേപ താൽപര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സമീപകാലത്ത് മത്സ്യബന്ധന വകുപ്പ് യൂറോപ്യൻ യൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ബൃഹത് കോൺക്ലേവ് നടത്തുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**